**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1557 — 03.12.2018 ൽ മറുപടിക്ക്

## കശുവണ്ടി വികസന കോർപ്പറേഷന്റെ നിയന്ത്രണത്തിലുള്ള ഫാക്ടറികൾ

**ചോദ്യം**

ശ്രീ.ആർ. രാമചന്ദ്രൻ

**ഉത്തരം**

ശ്രീമതി.ജെ.മെഴ്സിക്കുട്ടിഅമ്മ

(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരള കശുവണ്ടി വികസന കോർപ്പറേഷന്റെ നിയന്ത്രണത്തിലുള്ള ഏതെല്ലാം ഫാക്ടറികളിൽ കശുവണ്ടിയിൽ നിന്ന് മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്നുവെന്ന് വിശദീകരിക്കാമോ; | (എ) | കശുവണ്ടി വികസന കോർപ്പറേഷന്റെ അയത്തിൽ വാല്യൂ ആഡഡ് യൂണിറ്റ്, കൊട്ടിയം വാല്യൂ അഡീഷൻ യൂണിറ്റ് എന്നിവിടങ്ങളിലാണ് കശുവണ്ടിയിൽ നിന്നുള്ള മൂല്യ വർദ്ധിത ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കുന്നത്. |
| (ബി) | ഏതെല്ലാം മൂല്യ വർദ്ധിത ഉത്പന്നങ്ങളാണ് നിർമ്മിക്കുന്നതെന്നും ഇവയുടെ വിപണനത്തിന് സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങളും വിശദീകരിക്കാമോ; | (ബി) | കാഷ്യൂ വിറ്റ, കാഷ്യൂ സൂപ്പ്, കാഷ്യൂ പൗഡർ, കാഷ്യൂ ബിറ്റ്സ് എന്നീ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളാണ് ഇപ്രകാരം നിർമിക്കുന്നത്. കശുവണ്ടി പരിപ്പിൽ നിന്നും ചിൽഡ്രൻസ് വിറ്റ എന്ന ഒരു പുതിയ മൂല്യ വർദ്ധിത ഉൽപ്പന്നവും കശുമാങ്ങയിൽ നിന്നുള്ള മൂല്യ വർദ്ധിത ഉത്പന്നങ്ങളായ കാഷ്യൂ സോഡാ, കാഷ്യൂ സൂപ്പ്, കാഷ്യൂ സ്പ്രെഡ് എന്നീ ഉൽപ്പന്നങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുള്ളതാണ്. ഡിസ്ട്രിബ്യൂട്ടർമാർ, ഫ്രാഞ്ചൈസികൾ, ഗവൺമെന്റ് ഏജൻസികൾ, കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്നിവ മുഖാന്തിരം മൂല്യ വർദ്ധിത ഉത്പന്നങ്ങളുടെ വിപണനം നടത്തുന്നു. കൂടാതെ കോർപ്പറേഷന്റെ 10 ഫാക്ടറികളിൽ ഔട്ട് ലെറ്റ് മുഖാന്തിരം കശുവണ്ടി പരിപ്പും, മൂല്യവർദ്ധിത ഉല്പന്നങ്ങളും വിപണനം നടത്തി വരുന്നു. |

| | | | |
|---|---|---|---|
| (സി) | കശുവണ്ടി കോർപ്പറേഷന്റെ നിയന്ത്രണത്തിലുള്ള ആദിനാട്ട് 16-ാം നമ്പർ ഫാക്ടറിയിലെ സ്ഥലസൗകര്യങ്ങൾ പ്രയോജനപ്പെടുത്തി കശുവണ്ടി പരിപ്പിൽ നിന്ന് മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കുന്ന യൂണിറ്റ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (സി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ